പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5187 22.05.2017-ലെ മറുപടി

# പഞ്ചായത്തുകൾക്ക് സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും സമഗ്രമായ കുടിവെള്ള പദ്ധതികൾക്കായി മാസ്റ്റർ പ്ലാൻ പരിഗണനയിലുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | എ ജൈക്ക കുടിവെള്ള പദ്ധതി നടപ്പാക്കാത്ത 9 ജില്ലകളായ പത്തനംതിട്ട, കോട്ടയം,ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സമഗ്ര ജില്ലാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചില പദ്ധതികൾക്ക് കിഫ്ബി, സ്റ്റേറ്റ് പ്ലാൻ എന്നീ ഫണ്ട് മുഖേന ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾക്ക് ഉചിതമായ ഫണ്ടുകളിൽ ഉൾപ്പെടുത്തിയതിന് ശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| ബി പാലക്കാട് ജില്ലക്കായി ഇത്തരത്തിൽ എന്തെങ്കിലും സമഗ്രമായ പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | ബി പാലക്കാട് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതികളെ കുറിച്ചും പ്രസ്തുത സമഗ്ര ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി കോങ്ങാട് മണ്ഡലത്തിനായി ഇത്തരത്തിൽ എന്തെങ്കിലും സമഗ്രമായ പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | സി കോങ്ങാട് മണ്ഡലത്തിനായിട്ടുള്ള സമഗ്ര പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു<br>(1) മണ്ണൂർ, കേരളശ്ശേരി, മങ്കര പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഒന്നാം ഘട്ട പ്രവൃത്തികൾക്ക് 2016 എസ്.എൽ.എസ്.എസ്.സിയിൽ 2340 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു.<br>(2) കോങ്ങോട്, കരിമ്പ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി ഒന്നാംഘട്ട പ്രവൃത്തികൾക്ക് 2017-18-ലെ കിഫ്ബിയിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>(3) പറളി പഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി എൻ.സി./പി.സിയിൽ ഉൾപ്പെടുത്തി പറളി പഞ്ചായത്തിന് ഒരു കുടിവെള്ള പദ്ധതി 16/09/2012-ൽ കമ്മീഷൻ ചെയ്തു. ഇതിന് ശുദ്ധീകരണശാലയും, വിതരണശൃംഖലയും അപര്യാപ്തമായതിനാൽ കമ്പനുഴ മണ്ഡല ത്തിലെ മുണ്ടൂർ പഞ്ചായത്തിനും പറളി പഞ്ചായത്തിനും കൂടി സമഗ്ര കുടിവെള്ള പദ്ധതിയാണ് പരിഗണിച്ചിട്ടുള്ളത്.<br>(4) കാഞ്ഞിരപ്പുഴ, കാരാകുറുശ്ശി, തച്ചമ്പാറ സമഗ്ര കുടിവെള്ള പദ്ധതി 16/02/2014-ൽ പൂർത്തീകരിച്ചു. |

RenukaSankar
സെക്ഷൻ ഓഫീസർ